**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 589** **24-08-2022 - ൽ മറുപടിയ്ക്ക്**

**വാണിജ്യമേഖലയുടെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ എം മുകേഷ് ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വ്യവസായ മേഖലയുടെ പ്രോത്സാഹനത്തിന് അനുരൂപമായി വാണിജ്യ മേഖലയുടെ വികസനം സാധ്യമാക്കുന്നതിന് വ്യാപാര മേഖലയ്ക്ക് നൽകുന്ന പ്രോത്സാഹനങ്ങൾ എന്തൊക്കെയാണ്; ഓൺലൈൻ വ്യാപാരം ചെറുകിട വ്യാപാരികൾക്ക് സൃഷ്ടിച്ചിട്ടുള്ള പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ; | (എ) | വ്യവസായ വാണിജ്യ വകുപ്പ് മുഖേന വ്യാപാരമേഖലക്ക് പ്രത്യേകമായി പദ്ധതികൾ നടപ്പിലാക്കുന്നില്ലായെങ്കിലും സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലയുടെ വാണിജ്യ വികസനത്തിന് നൽകുന്ന സഹായങ്ങൾ ചുവടെ ചേർക്കുന്നു.<br><br>സംസ്ഥാനത്ത് ചെറുകിട സംരംഭകർക്ക് അവരുടെ ഉത്പന്നങ്ങൾ വില്പന നടത്തുന്നതിനും കയറ്റുമതി ചെയ്യുന്നതിനും, വാണിജ്യ മേഖലക്ക് ആകർഷകമായ പ്രതിച്ഛായ സൃഷ്ടിക്കുന്നതിനും അന്താരാഷ്ട്ര വിപണിയിൽ ചെറുകിട വ്യവസായ സ്ഥാപനങ്ങളുടെ മത്സരക്ഷമത ഉറപ്പാക്കുന്നതിനും വിപണന സാധ്യതതയും കയറ്റുമതിയും പ്രോത്സാഹിപ്പിക്കുന്നതിനുമായി വിവിധ പദ്ധതികൾ വ്യവസായ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. ബി ടു ബി വെബ് പോർട്ടൽ, വാണിജ്യ മിഷൻ, വ്യാപാർ (ബി ടു ബി മീറ്റ്), എക്സ്പോർട്ട് പ്രൊമോഷൻ പദ്ധതി എന്നിവ ഇതിൽ ഉൾപ്പെടുന്നു. കേരളത്തിൽ നിർമ്മിക്കപ്പെടുന്ന ഉൽപ്പന്നങ്ങളുടെ ഗുണമേന്മ സാക്ഷ്യപ്പെടുത്തുന്നതിനും അവയ്ക്ക് ദേശീയ അന്തർദേശിയ വിപണികൾ പ്രാപ്തമാക്കുന്നതിനായി കേരള ബ്രാൻഡ് സംവിധാനം ആരംഭിക്കുന്നതിനുള്ള നടപടികളും കൂടാതെ സംസ്ഥാനത്തെ സൂക്ഷ്മചെറുകിട ഇടത്തരം സംരംഭങ്ങളുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിനായി Open Network for Digital Commerce (ONDC) യുമായി ചേർന്ന് ഒരു ഓപ്പൺനെറ്റ് വർക്ക് പ്ലാറ്റ്ഫോം നിർമ്മിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) | കോവിഡും നോട്ടുനിരോധനവും പ്രളയവുമെല്ലാം പ്രതിസന്ധിയിലാക്കിയ ചെറുകിട വ്യാപാരികൾക്ക് | (ബി) | കോവിഡും, നോട്ടുനിരോധനവും പ്രളയവുമെല്ലാം പ്രതിസന്ധിയിലാക്കിയ ചെറുകിട വ്യാപാരികൾക്ക് |

| | | | |
|---|---|---|---|
| | വ്യാപാരം പുനരാരംഭിക്കുന്നതിനായി ധനസഹായം നൽകിയിരുന്നോ; | | വ്യാപാരം പുനഃരാരംഭിക്കുന്നതിനായി വ്യവസായ വകുപ്പ് മുഖേന പ്രത്യേകമായി ധനസഹായ പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല. എന്നാൽ പ്രളയത്തിൽ മൃഗസംരക്ഷണ മേഖലയിലും ജീവനോപാധി നഷ്ടപ്പെട്ടവർക്കും സൂക്ഷ്മ ചെറുകിട ഇടത്തര വാണിജ്യ വ്യാപാര സ്ഥാപനങ്ങൾ, കടകൾ, കിസാൻ കാർഡ് ഉടമകൾ, അലങ്കാര പക്ഷി കർഷകർ, തേനീച്ച കർഷകർ എന്നീ വിവിധ മേഖലയിലുള്ള ദുരന്ത ബാധിതർക്ക് അവരുടെ ഉപജീവന മാർഗ്ഗങ്ങൾ ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി പുനരുജ്ജീവിപ്പിക്കുന്നതിനായുള്ള ഉജ്ജീവന വായ്പ പദ്ധതി 17/12/2018 -ലെ സ.ഉ.(കൈ)നം.27/2018/ഡിഎം.ഡി ഉത്തരവ് പ്രകാരം നിലവിൽ വന്നിട്ടുണ്ട്. |
| (സി) | വികസന പദ്ധതികളുടെ ഭാഗമായി ഒഴിപ്പിക്കപ്പെടുന്ന വ്യാപാര സ്ഥാപനങ്ങൾ പുനരാരംഭിക്കുന്നതിന് പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; | (സി) | വികസന പദ്ധതികളുടെ ഭാഗമായി ഒഴിപ്പിക്കപ്പെടുന്ന വ്യാപാര സ്ഥാപനങ്ങൾ പുനഃരാരംഭിക്കുന്നതിന് വ്യവസായ വകുപ്പ് മുഖേന പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല. |
| (ഡി) | വാണിജ്യ മിഷന്റെ പ്രവർത്തനം ഫലപ്രദമാക്കാൻ നടപടിയെടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | കേരള ബ്രാൻഡ് നടപ്പിലാക്കി ഉൽപ്പന്നങ്ങൾ യാഥാർത്ഥ്യമാക്കുവാനും അത് വഴി ഉൽപ്പാദനവും വിപണനവും കാര്യക്ഷമമാക്കുന്നതിനും കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനുമായി സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് G.O(Rt)No.1329/2018/ID തീയതി 03.12.2018 പ്രകാരം രൂപീകരിച്ച വാണിജ്യ മിഷൻ G.O(Rt)No.935/2021/ID തീയതി 01.09.2021 പ്രകാരം പുനഃസംഘടിപ്പിച്ചിട്ടുണ്ട്.<br><br>വാണിജ്യ മിഷന്റെ ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.<br><br>1. സംസ്ഥാനത്തെ ചെറുകിട വ്യാപാര മേഖലയെ പ്രോത്സാഹിപ്പിക്കുകയും വളർത്തുകയും ചെയ്യുക. ടൂറിസം വകുപ്പുമായി ചേർന്ന് മേളകൾ സംഘടിപ്പിക്കുക<br>2. സംസ്ഥാനത്തെ സംരംഭങ്ങളുടെ നവീകരണത്തിനായി കപ്പാസിറ്റി വർദ്ധിപ്പിക്കൽ, സാങ്കേതികവിദ്യ ഏറ്റെടുക്കൽ, ക്ലസ്റ്റർ വികസനം തുടങ്ങിയവയുള്ള കൈത്താങ്ങ് നൽകുക.<br>3. ഇന്ത്യയിലും വിദേശങ്ങളിലുമായി നടക്കുന്ന പ്രധാനപ്പെട്ട ഫെയറുകളിൽ സംസ്ഥാനത്തു നിന്നും സംരഭക പ്രതിനിധികളെ പങ്കെടുക്കുന്നതിന് വിവിധ രീതിയിൽ സഹായിക്കുക. |

| | | | | |
|---|---|---|---|---|
| | | | | 4. കേരളത്തിലെ നിക്ഷേപകർ/ സംരംഭകർക്ക് ദേശീയ അന്തർദേശീയ വിപണികളെപ്പറ്റി അവബോധം നൽകുക.<br>5. ഡെലിഗേറ്റുകളെ ഇത്തരം മേളകളിലും സമ്മേളനങ്ങളിലും പങ്കെടുക്കുന്നതിനുള്ള അവസരം നൽകി ബിസിനസ്സ് ബന്ധം സ്ഥാപിക്കുക.<br>6. ദേശീയ അന്തർദേശീയ തലങ്ങളിൽ കേരളത്തിലെ വിവിധ ഉൽപ്പന്നങ്ങളെ ആവശ്യക്കാർക്ക് നേരിട്ട് വിപണനം നടത്തുക.<br>7. കേരളത്തിൽ ഉത്പാദിപ്പിക്കപ്പെടുന്ന തനതായ ഉൽപ്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിന് ഓരോ വിഭാഗത്തിലും സംസ്ഥാന തലത്തിൽ മേളകളും, പ്രദർശനങ്ങളും സംഘടിപ്പിക്കുക.<br>8. സംസ്ഥാനത്തിന് മത്സരാധിഷ്ഠിത നേട്ടമുള്ള മേഖലകളിലെ കയറ്റുമതി ത്വരിതപ്പെടുത്തുന്നതിന് ആവശ്യമായ പിന്തുണാ നടപടികൾ തിരിച്ചറിയുകയും ബന്ധപ്പെട്ട വകുപ്പുകൾ നോഡൽ ഏജൻസികൾ, വ്യവസായ അസോസിയേഷനുകൾ എന്നിവയുടെ പിന്തുണയോടെ അത് സുഗമമാക്കുകയും ചെയ്യുന്നു.<br>9. കയറ്റുമതിക്കാരുടെ അറിവ് വർദ്ധിപ്പിക്കുന്നതിനും അന്താരാഷ്ട്ര ഇടപാടുകളിൽ പ്രോത്സാഹനം നൽകുന്നതിനും ജില്ലാ വ്യവസായ കേന്ദ്രങ്ങളുടേയും വ്യവസായ അസോസിയേഷനുകളുടെയും ഇടപെടൽ.<br>10. റീട്ടെൽ സംരംഭങ്ങളുടെ അംഗീകാരം ഉൾപ്പെടെ ബിസിനസ്സ് ഓപ്പറേഷൻ മെച്ചപ്പെടുത്തൽ തൊഴിൽനയം, ലേബലിങ്ങും വൈദഗ്ധ്യവും സാങ്കേതികവിദ്യയും സ്റ്റാൻഡഡൈസേഷനും അടിസ്ഥാന സൗകര്യം ഉപയുക്തത, ഭാരവും അളവുകളും, നികുതി തുടങ്ങിയവ ഉൾപ്പെടുത്തികൊണ്ടുള്ള പ്രോത്സാഹന നയരൂപീകരണം. |

സെക്ഷൻ ഓഫീസർ